# മദ്രാസും മലയാളിയും

ബിജു എസ്. ബാലൻ

**ആലപ്പുഴ** എക്സ്പ്രസ്സോ തിരുവനന്തപുരം മെയിലോ കയറി ആദ്യമായി ചെന്നൈയിൽ എത്തുന്ന മലയാളികൾക്ക് സ്ഥിരം പറ്റുന്ന ഒര ബദ്ധമുണ്ട്. വെളുപ്പാൻകാലത്ത് ഒരു ചായ കുടിച്ചിട്ടാകാം ബാക്കി പരിപാടി എന്നു കരുതി അടുത്തു കാണുന്ന ചായക്കടയിൽ കയറി സിനിമകളിൽ നിന്നെല്ലാം കിട്ടിയ തമിഴ് വെച്ച് ചായ വേണമെന്നു പറയും. 'കടി വല്ലതും വേണോ?' എന്ന് മലബാർ മലയാളത്തിൽ അവിടുന്നിങ്ങോട്ട് മറുപടി വരുന്നതോടെ ചെന്നൈയിൽ എത്തിയോ എന്ന് സംശയം തോന്നും. (ഇക്കൂട്ടരായിരിക്കണം നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ചെന്ന് അമേരിക്കൻ പതാക അഭിമാനപൂർവ്വം ഉയർത്തി തിരിഞ്ഞപ്പോൾ, "ക്ഷീണം മാറ്റാൻ കട്ടൻകാപ്പി അടിക്കുന്നോ" എന്നു ചോദിച്ച മലയാളിയുടെ കഥ പ്രചരിപ്പിക്കുന്നത്)

നഗരഹൃദയമായ സെൻട്രൽ സ്റ്റേഷൻ മുതൽ ചെന്നൈ നഗരത്തിന്റെ നാലതിരുകളിൽ എവിടെപ്പോയാലും, ഒരു ചായക്കടയുണ്ടെങ്കിൽ അത് 'ദൈവത്തിന്റെ സ്വന്തം നാടായ' കേരളത്തിന്റെ പുത്രന്മാരായിരിക്കും. ചായക്കട കാണുകയാണെങ്കിൽ, സംശമുണ്ടെങ്കിൽ ഒരു പഴക്കുല കൂടി കെട്ടിത്തൂക്കിയിട്ടുണ്ട് എന്നുറപ്പുവരുത്തി കയറിയാൽ, മലയാളം പറഞ്ഞുതുടങ്ങാം.

മലയാളിയെക്കണ്ട ആഹ്ലാദത്തിൽ ചായ കുടിച്ച് സന്തോഷത്തോടെ വർത്തമാനം പറയുന്നവർക്ക് അതേ വാത്സല്യവും സന്തോഷവും ഇവർ തിരിച്ചുനൽകും. പക്ഷെ ചായ അടിയ്ക്കൽ കഴിഞ്ഞ്, ഒരാൾക്ക് കിടക്കാവുന്ന മുറിയിൽ അഞ്ചുപേർ കിടക്കുന്നതിനിടയിലേക്ക് മടങ്ങുമ്പോൾ ഇവർ ഒറ്റപ്പെടുന്നു. ഇവർക്കെല്ലാം നാടുണ്ട്, വീടുണ്ട്, കുടുംബമുണ്ട്. കൃത്യമായി പൈസ അടച്ചുകൊടുക്കുമ്പോഴും, ഉത്സവങ്ങളുടെയും പെരുന്നാളിന്റെയും മകന്റെ പിറന്നാളിന്റെയും കത്തുകൾക്ക് 'അടുത്ത തവണയാകട്ടെ' എന്ന് മറുപടിയെഴുതുന്നു. പറഞ്ഞുകേട്ടു മടുത്ത, ന്യൂസ്‌വാല്യു പോയ കഷ്ടപാട് എന്നുമാത്രം വിശേഷിപ്പിക്കാവുന്ന ജീവിതങ്ങൾ അല്ലേ?

മുകളിൽ ഉള്ളത് ചന്ദ്രനോ സൂര്യനോ എന്ന വ്യത്യാസമില്ലാതെ ചായ അടിച്ചുകൊടുക്കുന്ന ഇവരാരുംതന്നെ സിനിമയലഭിക്കണമെന്ന മോഹത്തിൽ വന്നവരോ മെട്രോനഗരത്തിൽ മായികലോകം ആസ്വദിക്കാൻ വന്നവരോ അല്ല. ജീവിതചെലവിന് കാര്യമായ വ്യത്യാസമില്ലാത്ത ചെന്നൈയിൽ വന്ന് പിന്നെന്തിനാണ് ഇവരെല്ലാം ചൂടും പുകയുംകൊണ്ട് കഷ്ടപ്പെടുന്നത്?

പല പ്രാദേശിക ശൈലിയാലാണെങ്കിലും കിട്ടുന്ന മറുപടി ഏതാണ്ട് ഒന്നാണ്: "എന്റെയൊക്കെ യോഗം ഇതാണ്." "ഇവിടാവുമ്പോൾ പരമാവധി ചെലവു ചുരുക്കി ജീവിച്ച് ബാക്കി വീട്ടിലേക്ക് അയച്ചുകൊടുക്കാം. അവിടാണെങ്കിൽ മ്മ്ക്ക് വെലയില്ല."

ദരിദ്രനെ സൃഷ്ടിക്കുന്നത് യോഗമല്ല വ്യവസ്ഥിതിയാണ് എന്നു പറഞ്ഞാൽ ഒരുപക്ഷെ അവർക്ക് മനസ്സിലായി എന്നുവരില്ല. ചായക്കടക്കാരനെ, ചായ അടിയ്ക്കുന്നവനെ വിലയില്ലാതായിക്കാണുന്ന സമൂഹത്തിന്റെ അഹങ്കാരമോ, താൻ ചെയ്യുന്നത് ഉത്തരവാദിത്തമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ നിരാശപ്പെടുന്നവന്റെ അപകർഷതാബോധമോ എന്ന് മലയാളി സ്വയം തീരുമാനിക്കട്ടെ.

പ്രവാസികളുടെ കാര്യം പരിഗണിക്കാൻവേണ്ടി വിമാനത്താവളങ്ങൾ പണിയുമ്പോൾ, വിദേശനാണ്യം എളുപ്പത്തിൽ ഇന്ത്യൻ രൂപയാക്കി മാറ്റാൻ സൗകര്യം ചെയ്തുകൊടുക്കുമ്പോൾ, അന്യരാജ്യങ്ങളിൽ പോകുന്നവർ മാത്രമല്ല പ്രവാസികൾ എന്ന് സർക്കാർ മറന്നുപോകുന്നതുപോലെ തോന്നാറുണ്ട്. പക്ഷെ കടുത്ത സാമ്പത്തികപ്രതിസന്ധികളിൽപ്പെട്ടുലഴലുമ്പോഴും കേരളം പിടിച്ചുനിൽക്കുന്നതെങ്ങനെയാണ്? (പട്ടിണി മരണങ്ങൾ അപൂർവ്വമാണ്. മാത്രമല്ല ആദ്യത്തെ പട്ടിണിമരണത്തിനുശേഷം കണ്ണും കാതും തുറന്നുവെച്ചിട്ടും ഒരുപാട് പട്ടിണിമരണങ്ങൾ റിപ്പോർട്ട് ചെയ്യാനാവാത്ത നിരാശ പത്രപ്രവർത്തകർക്കറിയാം) ഇടത്തരത്തിന് താഴെയുള്ള കുടുംബങ്ങൾ 'പ്രവാസിപണം' കൊണ്ട് കഞ്ഞി കുടിച്ച് ആർഭാടമില്ലാതെ ജീവിക്കുന്നത് എങ്ങനെയെന്ന് സാമ്പത്തികശാസ്ത്രജ്ഞന്മാർ വിശകലനം ചെയ്യുകയാണെങ്കിൽ ചെന്നൈയിലേക്കുള്ള ചൂണ്ടുപലക വഴിയിലൂടെ കൂടി പോകേണ്ടിവരും. അവിടുത്തെ ആയിരക്കണക്കിന് ചായ അടിയ്ക്കുന്ന മലയാളികൾവഴി എത്തുന്ന നക്കാപ്പിച്ച പണം കൂട്ടേണ്ടിവരും. പക്ഷെ, കേരളത്തിലെ രണ്ടുമുന്നണികളിലെയും സാമൂഹ്യശാസ്ത്രജ്ഞർ പറയുന്ന പൊതു അജണ്ട വിവരസാങ്കേതിക വിദ്യ

*(12-ാം പേജിൽനിന്ന് തുടർച്ച)*

ദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് വനഭൂമി വിട്ടു കൊടുക്കുന്നതിനും പദ്ധതിയുണ്ട്. കൂടാതെ ഫാക്ടറി കോമ്പൗണ്ടിൽ കെ.എസ്.ഇ.ബി.ക്ക് കൊടുക്കേണ്ട 20 കോടി രൂപയുടെ കുടിശ്ശികയ്ക്കുപകരം സ്ഥലം വിട്ടു കൊടുത്ത് സർക്കാർ ചിലവിൽ 220 കെ.വി. സബ്സ്റ്റേഷൻ പണിതുകൊടുക്കാനും നീക്കം നടക്കുന്നു.

സർക്കാർ സ്ഥാപനങ്ങൾക്ക് 25 കോടിയോളം രൂപയും ബാങ്ക്-ധനകാര്യ സ്ഥാപനങ്ങൾക്ക് 110 കോടി രൂപയും ബാധ്യതയുള്ള സ്ഥാപനത്തിന്റെ ബാധ്യതകൾ 5 കോയിയായി വെട്ടിച്ചുരുക്കുകയും ചെറുകിട വ്യാപാര ക്ലസ്റ്ററുകളുടെ പ്രമോട്ടർ എന്ന നിലയിൽ ഇടനില വ്യാപാരം നടത്താൻ അനുവദിക്കുകയും ചെയ്തുകൊണ്ടാണ് റയോൺസ് ഉടമസ്ഥത കൈമാറുന്നതെന്ന വസ്തുത മറച്ചുവച്ച് തിടുക്കത്തിൽ ഇടപാടുകൾ പൂർത്തിയാക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു.

പരിസ്ഥിതി - ടൂറിസം പ്രാധാന്യമുള്ള മേഖലകൾ യാതൊരുവിധ പാരിസ്ഥിതിക ആഘാതപഠനവും നടത്താതെയും പുനരുദ്ധാരണ പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാതെയും നടക്കുന്ന ഈ കൈമാറ്റ നീക്കം ജനവഞ്ചനയാണെന്ന് പരിസ്ഥിതി പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു. തൊഴിലാളികൾക്ക് നൽകാനുള്ള 10 കോടിയോളം രൂപയുടെ പി.എഫ്., ഗ്രാറ്റുവിറ്റി കുടിശ്ശികകൾ തീർക്കുന്നത് സംബന്ധിച്ച വ്യക്തമായ യാതൊരു ഉറപ്പും പ്രമോട്ടർ നൽകിയിട്ടില്ല. തൊഴിലാളികളെ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് അവ്യക്തമായ വ്യവസ്ഥകളാണുള്ളത്. ബി.ഐ.എഫ്.ആറി-ന്റെ അനുമതി നേടുംമുമ്പ് തിടുക്കത്തിൽ കെ.എസ്.ഐ.ഡി.സി. 50 ലക്ഷം രൂപ അഡ്വാൻസ് ആയി വാങ്ങിയതും നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

30 കോടി രൂപ മാത്രം മുടക്കിയാൽ സർക്കാരിനുതന്നെ മുഴുവൻ ബാധ്യതയും തീർത്ത് 350 കോടി രൂപയോളം ആസ്തിയുള്ള ഈ സ്ഥാപനം ഏറ്റെടുക്കാനാകും. ചെറുകിട സംരംഭകരിൽനിന്ന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് പുതു വ്യവസായ സംരംഭങ്ങളുടെ ക്ലസ്റ്റർ രൂപീകരിക്കാനാകും ഏറെപ്പേർക്ക് തൊഴിൽ ലഭിക്കുവാനും അത് വഴിയൊരുക്കും. ഇതൊന്നും ചെയ്യാതെ തിടുക്കത്തിൽ ഒരു കോളയുല്പാദകന് പെരിയാറിന്റെ തീരത്തെ ഈ കണ്ണായ സ്ഥലം കൈമാറുന്നതിനുപിന്നിൽ വൻ അഴിമതിയുണ്ടെന്ന ആക്ഷേപമുയർന്നിട്ടുണ്ട്. ഈ തീരുമാനത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്നും ട്രാവൻകൂർ റയോൺസ് പൊതുമേഖലാ സംരംഭമാക്കി ചെറുകിട വ്യവസായ സമൂഹമോ അല്ലെങ്കിൽ ഇതര സംരംഭങ്ങളോ ആരംഭിക്കണമെന്നും പരിസ്ഥിതി - ട്രേഡ് യൂണിയൻ സംഘടനകൾ ആവശ്യപ്പെടുന്നു. ഇതിനായി ഡിസംബർ ആദ്യവാരം പെരുമ്പാവൂരിൽ റയോൺസ് പുനരുദ്ധാരണ സെമിനാർ സംഘടിപ്പിക്കും.

*പി.ബി.-100, തൃശൂർ*





## പ്ലാച്ചിമട സമരത്തിന് സമർപ്പിച്ച ചിത്രം

പ്രഥമ പ്രദർശനം 2007 ഒക്ടോബർ 12 ന്
പ്ലാച്ചിമട സമരത്തിന്റെ 2000 ദിവസം നടന്നു.

കമലം ഫിലിംസിന്റെ
**ഒരിടത്തൊരു പുഴയുണ്ട്**
(ഫീച്ചർ ഫിലിം)
സംവിധാനം : കലവൂർ രവികുമാർ
ബന്ധങ്ങൾക്ക് : 9447186325


ആണ്. നാല്പത്തഞ്ചു ഡിഗ്രി ചൂടിൽനിന്നുകൊണ്ട് ചായ അടിച്ചു കൊടുത്ത്, നിൽക്കാൻപോലും സ്ഥലമില്ലാത്തിടത്തുനിന്നും, 'എനിക്കു സുഖം തന്നെ' എന്ന് എഴുതുന്ന സാങ്കേതികവിദ്യ ഈ സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ പരിധിയ്ക്കപ്പുറത്താണ്. ഇതുകൊണ്ടുതന്നെയാണ് പ്രവാസികൾ വഴി വരുന്ന പണം എന്നതിൽ 'ചെന്നൈയിലെ ചായ അടിയ്ക്കുന്നവർ' എന്ന ഒരു കോളം വരാത്തത്.

കഴിഞ്ഞ ഇലക്ഷൻ കാലത്ത് 'സ്ഥലത്തില്ല' എന്ന സാങ്കേതിക ജ്ഞാനം പറഞ്ഞ് വോട്ടവകാശം എന്ന പ്രാഥമിക ജനാധിപത്യ അവകാശം നിഷേധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ചെന്നൈയിലെ ആയിരക്കണക്കിന് ചായ അടിയ്ക്കുന്നവരുമുണ്ട്. അസ്സോസിയേഷനോ, വിദേശനാണ്യമോ കാണിച്ച് പേടിപ്പിക്കാൻ മാത്രം ഭീരുക്കളല്ലാത്ത ഇവർ എല്ലാവരും ചേർന്ന് തങ്ങൾ അടിയ്ക്കുന്ന ഓരോ ഗ്ലാസ്സ് ചൂടുചായ വീതം കൊണ്ടുവന്ന് ഒഴിച്ചാൽ സെക്രട്ടറിയേറ്റിന്റെ മാർബിൾ തൂണുകൾ വരെ വെന്തുപോകും.

വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ സൂപ്പർഹിറ്റ് ആയി ഓടിയ 'നാടോടിക്കാറ്റ്' എന്ന സിനിമയിൽ, "ഇതാണ് ഗൾഫ്" എന്നുപറഞ്ഞ് ദാസൻ, വിജയൻ എന്ന രണ്ട് കഥാപാത്രങ്ങളെ ചെന്നൈ ബസന്ത് നഗർ ബീച്ചിൽ കൊണ്ടുവിടുന്ന ഒരു രംഗമുണ്ട്. അടൂർ ഗോപാലകൃഷ്ണന്റെയോ ഷാജിൻ എൻ. കരുണിന്റെയോ ചിത്രങ്ങളിലെ കഥാപാത്രങ്ങൾ മൂക്കുചീറ്റുന്നതിൽപ്പോലും അർത്ഥതലങ്ങൾ കണ്ടെത്തുന്ന നിരൂപകപ്രതിഭകളുള്ള നാടാണ് കേരളം. പക്ഷെ 'തമിഴന്റെ ഗൾഫാണ് കേരളം' എന്ന മലയാളിയുടെ അഹങ്കാരം നിറഞ്ഞ പ്രയോഗത്തിനുനേരെ ശ്രീനിവാസൻ എന്ന തിരക്കഥാകൃത്ത് പ്രയോഗിച്ച ആക്ഷേപഹാസ്യം, അതിന്റെ അർത്ഥതലങ്ങൾ, എന്നെങ്കിലും ആർക്കെങ്കിലും മനസ്സിലാവുമോ?


ഉടൻ പ്രതീക്ഷിക്കുക

കേരളീയം പുസ്തകശാലയിൽനിന്ന്

ബിജു എസ്. ബാലന്റെ

**ചെന്നൈ വിശേഷവും കുറിപ്പുകളും**